# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5018     04.07.2012 -ൽ മറുപടിയ്ക്ക്**

**<u>സീക്രട്ട് സെൽ - റിപ്പോർട്ടുകളുടെ പരസ്യപ്പെടുത്തൽ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എസ്. ശർമ്മ : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) സംസ്ഥാനത്തെ സർക്കാരിന്റെ ആഭ്യന്തര വകുപ്പിൽ സീക്രട്ട് സെൽ പ്രവർത്തിക്കുന്നുണ്ടോ ; | (എ) ആഭ്യന്തര വകുപ്പിൽ സീക്രട്ട് സെൽ പ്രവർത്തിക്കുന്നില്ല. എന്നാൽ രണ്ട് സീക്രട്ട് സെക്ഷനുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) എങ്കിൽ ഈ സീക്രട്ട് സെല്ലിൽ ലഭിക്കുകയും അവിടെ നിന്ന് ഉത്ഭവിക്കുകയും ചെയ്യുന്ന ഫയലുകളുടെയോ മറ്റ് റിപ്പോർട്ടുകളുടെയോ പകർപ്പുകൾ നിയമസഭാംഗങ്ങളുടെ ആവശ്യ പ്രകാരമോ വിവരാവകാശ നിയമപ്രകാരമോ പരസ്യപ്പെടുത്താറുണ്ടോ ; | (ബി) & (സി) രഹസ്യസ്വഭാവമുള്ളവയായതിനാൽ ഇന്റലിജൻസ് റിപ്പോർട്ടുകൾ പരസ്യപ്പെടുത്താറില്ല. വെളിപ്പെടുത്താനാവുന്ന റിപ്പോർട്ടുകളുടെ പകർപ്പുകൾ വിവരാവകാശ നിയമപ്രകാരവും മറ്റും ചില സന്ദർഭങ്ങളിൽ നൽകിയിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഈ വിഭാഗത്തിൽപ്പെട്ട എത്ര ഫയലുകളുടെയും റിപ്പോർട്ടുകളുടെയും പകർപ്പുകൾ പരസ്യപ്പെടു ത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ